നമ്പർ.സി1/20702/റ്റി.സി/2007

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം.
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം.
തീയതി: 20.10.2010

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് – സർക്കുലർ 21/2008 തുടർ നിർദ്ദേശങ്ങൾ നല്കുന്നത് – സംബന്ധിച്ച്

സൂചന: 02.08.2008 തീയതിയായ സർക്കുലർ നമ്പർ. 21/2008

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സർക്കുലർ 21/2008 പ്രകാരം നടപടികൾ സ്വീകരിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾകൂടി കർശനമായും പരിഗണിക്കേണ്ടതാണ്.

1. ഒരു വാഹന അപകട കേസിൽ പ്രതിയായി എഫ്.ഐ.ആർ എടുക്കപ്പെട്ടു എന്നതുകൊണ്ട് മാത്രം അയാളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യാൻ ഇടവരരുത്. അപകടകരമായ ഡ്രൈവിംഗും അതുമൂലം ഉണ്ടാകുന്ന അപകടങ്ങളും ഒഴിവാക്കാനായി എടുക്കുന്ന നടപടികളുടെ ഭാഗമായാണ് സെക്ഷൻ 19 പ്രകാരം ലൈസൻസിംഗ് അതോറിറ്റി എടുക്കേണ്ട നടപടികൾ. ആയതിനാൽ ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനുമുമ്പായി, ഡ്രൈവിംഗ് ലൈസൻസ് ഉള്ള ആൾക്ക് നിശ്ചയമായും തന്റെ ഭാഗം വിശദീകരിക്കാൻ അവസരം നൽകുകയും, അതിന്റെ കൂടി അടിസ്ഥാനത്തിൽ പ്രസ്തുത ഡ്രൈവറുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിന് പ്രസക്തമായ കാര്യങ്ങൾ ഉണ്ടോ എന്ന് വിലയിരുത്തിയതിനു ശേഷം ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യാവുന്നതാണ്. പലപ്പോഴും അപകടകാര്യത്തിൽ തികച്ചും നിരപരാധികളായ ഡ്രൈവർമാരുടെ പേരിൽ എഫ്.ഐ.ആർ. എടുക്കുകയും അപകടത്തിൽ അവരുടെ ഉത്തരവാദിത്വം നോക്കാതെ തന്നെ ഡ്രൈവിംഗ്

ലൈസൻസ് സസ്പെൻഡ് ചെയ്യുന്ന സംഭവങ്ങളും ഉണ്ട്. ആയതിനാൽ സസ്പെൻഡ് ചെയ്യുന്നതിനായി പോലീസിൽ നിന്നും ലഭിച്ചിട്ടുള്ള റെക്കമെന്റേഷൻ യഥാർത്ഥത്തിൽ ശരിയാണോ എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. പ്രൊഫഷണൽ ഡ്രൈവർമാരുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതുമൂലം അവരുടെ ജീവനോപാധി നഷ്ടപെടാൻ ഇടയാകുന്നുണ്ട്. വലിയ വാഹനങ്ങളിലെയോ ചെറിയവാഹനങ്ങളിലെയോ ഡ്രൈവർ എന്ന് നോക്കിയല്ല, അപകടത്തിന്റെ ഉത്തരവാദി ആരാണ് എന്ന് നോക്കിയാണ് നടപടി എടുക്കേണ്ടത്. ആയതിനാൽ മോട്ടോർ വെഹിക്കിൾസ് ആക്ട് സെക്ഷൻ 19, സെൻട്രൽ മോട്ടോർ വെഹിക്കിൾസ് റൂൾസ് 21 എന്നിവ പ്രകാരം ലൈസൻസുകൾ സസ്പെൻഡ് ചെയ്യുമ്പോൾ ആ ഡ്രൈവറുടെ കോൺട്രിബ്യൂട്ടറി നെഗ്ലിജൻസ് പരിഗണിക്കേണ്ടതും അതിന് തക്കതായ നടപടികൾ മാത്രം എടുക്കേണ്ടതുമാണ്. നല്ല ഡ്രൈവിംഗ് സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്നതിന് ശരിക്കും കുറ്റക്കാരായ ഡ്രൈവർമാർക്കെതിരെ നടപടി എടുക്കേണ്ടതും കുറ്റക്കാർ അല്ലാത്ത ഡ്രൈവർമാരെ പ്രോത്സാഹിപ്പിക്കേണ്ടതും ആവശ്യമാണ്.

2 എല്ലാ കേസുകളിലും ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യാതെ വെറുതെ വിടുക എന്നുള്ള മുകളിൽ കൊടുത്തിരിക്കുന്ന നിർദ്ദേശത്തിന്റെ ലക്ഷ്യം അപകടകരമായും അലക്ഷ്യമായും ഡ്രൈവ് ചെയ്യുന്ന വ്യക്തി അതിനനുസരിച്ച് ശിക്ഷാ വിധേയമാവുകയും അതേ സമയം അങ്ങനെയല്ലാത്ത വ്യക്തികൾ അനാവശ്യമായി പീഡിപ്പിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകാതിരിക്കാനാണ് മേൽ പറഞ്ഞ നിർദ്ദേശങ്ങൾ നൽകുന്നത്.

വിശ്വസ്തതയോടെ,

ഒപ്പ്

ട്രാൻസ്പോർട്ട് കമ്മീഷണർ

പകർപ്പ് ട്രാൻസ്പോർട്ട് കമ്മീഷണറുടെയും, സീനിയർ ഡി.റ്റി.സി & സെക്രട്ടറി, എസ്.റ്റി.എ യുടെയും സീനിയർ ഡി.റ്റി.സി (ടാക്സേഷൻ) ന്റെയും സി.എ, എല്ലാ സെക്ഷനുകളും

അംഗീകാരത്തോടെ

സീനിയർ ഡി.റ്റി.സി (ടാക്സേഷൻ)